# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1839** **25.03.2013 ൽ മറുപടിയ്ക്ക്**

## വനം വകുപ്പിലെ പെൻഷൻ സംബന്ധിച്ച കേസ്സുകൾ

**ചോദ്യം** **ഉത്തരം**

ശ്രീ.എം.എ. വാഹിദ്
ശ്രീ. വർക്കല കഹാർ
ശ്രീ. അൻവർ സാദത്ത്
ശ്രീ. ഐ.സി.ബാലകൃഷ്ണൻ

ശ്രീ. കെ.ബി. ഗണേഷ് കുമാർ
(വനവും സ്പോർട് സും സിനിമയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വനം വകുപ്പിൽ പെൻഷൻ സംബന്ധിച്ച കേസ്സുകളെല്ലാം തീർപ്പാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സർക്കാരിൻെറ 100 ദിന പരിപാടിയുടെ ഭാഗമായും തുടർന്നു നടപ്പാക്കിയ ഒരു വർഷ കർമ്മ പരിപാടിയുടെ ഭാഗമായും വനം വകുപ്പിൽ തീർപ്പാകാതെ കിടക്കുന്ന പെൻഷൻ കേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കുവാൻ ഒരു തീവ്രയജ്ഞ പരിപാടി ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനു സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. വനം വകുപ്പിലെ ഓരോ ടെറിട്ടോറിയൽ സർക്കിളുകളിലെയും സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ നേതൃത്വത്തിൽ അതാത് സർക്കിൾ പരിധിയിൽ വരുന്ന എല്ലാ ഓഫീസുകളിലെയും തീർപ്പാകാതെ കിടക്കുന്ന പെൻഷൻ കേസ്സുകൾ പരിശോധിക്കുവാനായി ഒരു പ്രത്യേക ടീം രൂപവൽക്കരിച്ചു.<br>2. ഓരോ സർക്കിൾ പരിധിയിലും തീർപ്പാകാതെ കിടന്ന പെൻഷൻ കേസ്സുകളുടെ ലിസ്റ്റ് തയ്യാറാക്കി അതിൽ നിന്നും പഴക്കം ചെന്ന കേസ്സുകൾ മുൻഗണനാ ക്രമത്തിൽ തരം തിരിച്ച് പ്രത്യേകം നടപടി സ്വീകരിച്ചു.<br>3. വിജിലൻസ് കേസ്സിൽ ഉൾപ്പെടാത്ത അച്ചടക്ക നടപടികൾ നിലനിൽക്കുന്ന കേസ്സുകളിൽ അവ എത്രയും പെട്ടെന്നു തീർപ്പാക്കി പെൻഷനാനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. |

| | | | |
|---|---|---|---|
| | | | 4. ബാദ്ധ്യതകൾ സമയബന്ധിതമായി തിട്ടപ്പെടുത്തി ചട്ടപ്രകാരം പെൻഷണറെ അറിയിക്കുവാനും വിശദീകരണം നൽകുവാൻ 15 ദിവസത്തെ സമയം അനുവദിച്ച ശേഷം അന്തിമമായി തീർപ്പാക്കുവാനും നടപടി സ്വീകരിച്ചു.<br><br>5. പെൻഷൻ അദാലത്തുകൾ സംഘടിപ്പിച്ച് വിശദീകരണങ്ങൾ പരിശോധിച്ചു.<br>6.വനം വകുപ്പ് ആസ്ഥാനത്ത് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററു(ഭരണം)ടെ നേതൃത്വത്തിൽ പ്രത്യേക ടീം രൂപവൽക്കരിച്ചു. |
| (ബി) | പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി)<br>&<br>(സി) | തീർപ്പാകാതെ കിടക്കുന്ന പഴക്കം ചെന്ന കേസ്സുകൾ മുൻഗണനാ ക്രമത്തിൽ അടിയന്തരമായി നടപടി സ്വീകരിച്ച് അവ സമയബന്ധിതമായി തീർപ്പാക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. പ്രസ്തുത പദ്ധതി നടപ്പിലാക്കുവാനായി സർക്കിൾ തലത്തിൽ രൂപീകരിച്ച പ്രത്യേക ടീം അതാത് സർക്കിൾ പരിധിയിൽ വരുന്ന എല്ലാ ഓഫീസുകളിലെയും തീർപ്പാകാതെ കിടക്കുന്ന പഴക്കം ചെന്ന പെൻഷൻ കേസ്സുകളുടെ ലിസ്റ്റ് തയ്യാറാക്കുന്ന നടപടിയാണ് ആദ്യം സ്വീകരിച്ചത്. അപ്രകാരം 01.06.2011 തീയതി കണക്കാക്കി തയ്യാറാക്കിയ ലിസ്റ്റ് പ്രകാരം വനം വകുപ്പിൽ 540 പെൻഷൻ കേസ്സുകൾ തീർപ്പാക്കുവാനുള്ളതായി കണക്കാക്കിയിട്ടുണ്ടായിരുന്നു. വിജിലൻസ്/വകുപ്പുതല കേസ്സുകൾ നിലവിലുള്ളതിനാൽ, ബാദ്ധ്യത തിട്ടപ്പെടുത്തുന്നതിൽ ഉണ്ടായ കാലതാമസമാണ് പെൻഷൻ കേസ്സുകൾ തീർപ്പാക്കുവാൻ തടസ്സമായിട്ടുള്ളതെന്ന് കണ്ടെത്തിയ കേസ്സുകളിൽ വിജിലൻസ് കേസ്സ് നിലവിലുള്ളവ ഒഴികെയുള്ള മറ്റ് വകുപ്പ് തല അച്ചടക്ക നടപടികൾ ബന്ധപ്പെട്ട അച്ചടക്ക/ശിക്ഷണ അധികാരികൾ സമയബന്ധിതമായി തീർപ്പാക്കുകയും അതനുസരിച്ച് തിട്ടപ്പെടുത്തിയ ബാധ്യതാ വിവരം പെൻഷണറെ അറിയിച്ച് 15 ദിവസത്തിനകം വിശദീകരണം നൽകുവാൻ അവസരം നൽകുകയുണ്ടായി. തുടർന്ന് സർക്കിൾ തലത്തിലും വനം വകുപ്പാസ്ഥാനത്തും 12 |
| (സി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | പെൻഷൻ അദാലത്തുകൾ സംഘടിപ്പിച്ച് വിശദീകരണം പരിശോധിച്ച് പെൻഷണറുടെ ആവലാതികൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചു. പദ്ധതിയുടെ പ്രവർത്തന ഫലമായി ഇതിനകം 437 കേസ്സുകൾക്ക് അന്തിമ തീർപ്പുണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ